**കേരള സർക്കാർ**

സംഗ്രഹം

സാംസ്കാരിക വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **3180/2018/ധന.** തിരുവനന്തപുരം, തീയതി **04.04.2018**

പരാമർശം - 1. സ.ഉ. (സാധാ) നം. 9280/2017/ധന. തീയതി 13.12.2017

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 27.03.2018 ലെ എ 4-5730/17/സാം.വ നമ്പരായുള്ള കത്ത്

**ഉത്തരവ്**

2017 വർഷത്തെ ഭരണഭാഷാ പുരസ്കാരത്തിന് മികച്ച വകുപ്പായി തെരഞ്ഞെടുത്തിട്ടുള്ളത് സാസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തെയാണെന്നും പുരസ്കാരത്തോടൊപ്പം ക്യാഷ് അവാർഡ് ഇനത്തിൽ ലഭിച്ച തുക വിനിയോഗിക്കുന്നതിന് വേണ്ടി പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർക്ക് 31.03.2018 വരെ കാലയളവിലേക്ക് ഒരു താത്കാലിക സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട്, ആരംഭിക്കുന്നതിനുള്ള അനുമതി നല്കിയിരുന്നു. എന്നാൽ നിക്ഷേപിച്ചിരിക്കുന്ന തുക വിനിയോഗിക്കാൻ കഴിയാത്തതിനാൽ 1/4/2018 മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത തുക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് അനുമതി നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാംസ്കാരിക വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി അടുത്തൊരു തവണ വീണ്ടും ദീർഘിപ്പിച്ചുതരുന്നതല്ല എന്നും 30.9.2018 നുശേഷം ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ് എന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി 30.09.2018 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട് പി.ഒ., തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ